നാശത്തിന് ധനസഹായം അനുവദിക്കുന്നത്. എന്നാൽ വരൾച്ച മൂലമുള്ള കൃഷിനാശത്തിന് ധനസഹായമായി 2004–05 വർഷം പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 106 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു.

(ജി) കഴിഞ്ഞ നാലുവർഷം സംസ്ഥാന പ്രകൃതി ക്ഷോഭ നിധിയിലേയ്ക്ക് കേന്ദ്ര സർക്കാർ അനുവദിച്ച ധനസഹായം ചുവടെ ചേർക്കുന്നു:

വർഷം	തുക
2001–02	52.95 കോടി രൂപ
2002–03	55.60 ,,
2003–04	58.38 ,,
2004–05	267.30 ,,

(ഇതിൽ സുനാമി ദുരിതാശ്വാസത്തിനായി ലഭിച്ച 100 കോടി രൂപയും വരൾച്ചാ ദുരിതാശ്വാസത്തിനായി ലഭിച്ച 106 കോടി രൂപയും ഉൾപ്പെടും.)

തരിശു നിലങ്ങൾ കൃഷിചെയ്യാൻ പദ്ധതി

114 [2103] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷമായി സംസ്ഥാനത്ത് എത്ര ഏക്കർ കൃഷി ഭൂമി കൃഷിയോഗ്യമല്ലാതായി എന്നു കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ;

(ബി) കൃഷിയോഗ്യമല്ലാതായ നെൽക്കൃഷി നിലങ്ങളുടെ വിസ്തൃതി കണക്കാക്കിയിട്ടുണ്ടോ;

(സി) ഇങ്ങനെ കൃഷിയോഗ്യമല്ലാതായ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നു വിശദമാക്കാമോ?

ഉത്തരം

(എ) 2003–04–ലെ ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുപ്രകാരം സംസ്ഥാനത്ത് 28,303 ഹെക്ടർ സ്ഥലമാണ് കൃഷിക്കനുയോജ്യമല്ലാതായുള്ളത്.

(ബി) ഉണ്ട്.

(സി) തരിശുനിലങ്ങളിൽ നെൽക്കൃഷി നടപ്പിലാക്കുന്ന ഒരു പദ്ധതി കൃഷിവകുപ്പ് ഈ വർഷം നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽരഹിതരായ യുവജനങ്ങൾക്ക് ഒരു ഹെക്ടർ തരിശുസ്ഥലത്ത് കൃഷി ചെയ്യുന്നതിന് 5000 രൂപ ധനസഹായം നൽകുന്നതാണ്. തൊഴിൽരഹിതരായ യുവജനങ്ങളെ കൃഷി മേഖലയിലേക്ക് ആകർഷിക്കുവാനും നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുവാനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly